## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1269** **07-12-2022 - ൽ മറുപടിയ്ക്ക്**

## കാലിത്തീറ്റയുടെ അമിത വിലവർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാലിത്തീറ്റയുടെ അമിത വിലവർദ്ധനവ് ക്ഷീര കർഷകരെ ദുരിതത്തിലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാലിത്തീറ്റ വിലവർദ്ധനവ് പാൽ ഉൽപാദന ചെലവ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും 2022 ഡിസംബർ ഒന്ന് മുതൽ മിൽമ പാൽ വില വർദ്ധിപ്പിച്ചതിലൂടെ കർഷകർക്ക് ആശ്വാസമാകുന്ന നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ക്ഷീര മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ക്ഷീര മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ക്ഷീരകർഷകർക്കായി വിവിധ ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാനത്തെ ക്ഷീരകർഷകരുടെ സാമ്പത്തികവും സാമൂഹികവുമായ അടിസ്ഥാന പ്രശ്നങ്ങളിൽ ക്രീയാത്മകമായ ഇടപെടലുകൾ നടത്തുന്നുണ്ട്. വർദ്ധിച്ചു വരുന്ന തീറ്റച്ചെലവുകൾ കാരണം കർഷകർക്കുണ്ടാകുന പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കുവാൻ സർക്കാർ ഡിസംബർ 1, 2022 മുതൽ പാൽ വില വർദ്ധിപ്പിക്കുകയും , വർദ്ധിച്ചതിന്റെ 8.75% ക്ഷീരകർഷകർക്ക് ലഭിക്കുന്ന വിധത്തിൽ പാൽ ചാർട്ട് നവീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. 2 പശു യൂണിറ്റ് , 5പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്കും, കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും, ഫാം യന്ത്രവത്ക്കരണത്തിനും ആധുനികവത്ക്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനു പുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും, കറവ യന്ത്രം വാങ്ങുന്നവർക്കും അർഹത മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകി വരുന്നുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്ക്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.<br><br>ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോട് കൂടി പച്ചപ്പുൽ, വൈക്കോൽ,സൈലേജ്, ടി എം ആർ എന്നിവ നൽകി വരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.<br><br>വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീരവികസന പാക്കേജും നടപ്പിലാക്കി വരുന്നുണ്ട്.<br><br>കാലഘട്ടത്തിന് അനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കുവാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചുവരുന്നു.<br><br>ക്ഷീരസഹകരണ സംഘങ്ങളിലൂടെ ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിന് സാധിക്കുന്നു.<br><br>ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീര കർഷകർക്ക് പെൻഷൻ കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. തദ്വാര ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്ന ദൗത്യം ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു |

സെക്ഷൻ ഓഫീസർ